LIBRARY ARCHIVES Kerala Legislative Assembly

മത്സ്യബന്ധന തോണികൾക്കുള്ള മണ്ണെണ്ണ വിതരണം

35 [4774] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൽസ്യബന്ധന തോണികൾക്ക് വിതരണം ചെയ്യുന്ന മണ്ണെണ്ണയുടെ അളവിൽ കുറവ് വരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഫിഷറീസ് വകുപ്പുമായി ചേർന്ന് മൽസ്യത്തൊഴിലാളികൾക്ക് ആവശ്യത്തിന് മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) മണ്ണെണ്ണയുടെ വെട്ടിക്കുറച്ച തോത് പുനഃസ്ഥാപിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ കേന്ദ്രത്തിന് മുമ്പാകെ നൽകിയ നിവേദനം പരിഗണിച്ചുവോ; അത് പുനഃസ്ഥാപിക്കാൻ ഇതുവരെ കേന്ദ്ര ഗവൺമെന്റ് സന്നദ്ധരായിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) മത്സ്യബന്ധനത്തിന് മണ്ണെണ്ണയ്ക്ക് പ്രത്യേകം ക്വാട്ട അനുവദിച്ചിട്ടില്ല. ഗാർഹിക ക്വാട്ടയിൽ നിന്നാണ് മണ്ണെണ്ണ ഈ ആവശ്യത്തിനും അനുവദിച്ചുവരുന്നത്. കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിക്കുന്ന മണ്ണെണ്ണയുടെ വിഹിതത്തിൽ അടിക്കടി കുറവു വരുത്തുന്നതിനാൽ മത്സ്യ ബന്ധന പെർമിറ്റുകൾക്ക് അനുവദിച്ചിരുന്ന മണ്ണെണ്ണയുടെ അളവിൽ കുറവ് വരുത്തേണ്ടതായി വരുന്നുണ്ട്. കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ മണ്ണെണ്ണ വിഹിതത്തിൽ വർദ്ധനവ് വരുത്തിയാൽ മാത്രമേ മത്സ്യ തൊഴിലാളികൾക്ക് പെർമിറ്റു പ്രകാരമുള്ള മണ്ണെണ്ണ പൂർണ്ണമായ അളവിൽ ലഭ്യമാക്കുവാൻ കഴിയുകയുള്ളൂ.

(സി, ഡി) സംസ്ഥാനത്തിനുള്ള മണ്ണെണ്ണയുടെ വെട്ടിക്കുറച്ച തോത് പുനഃസ്ഥാപിച്ച് നൽകണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിനോട് പല പ്രാവശ്യം ആവശ്യപ്പെട്ടുവെങ്കിലും കേന്ദ്ര സർക്കാരിൽനിന്നും അനുകൂലമായ ഒരു തീരുമാനം ഇതുവരെ ഉണ്ടായിട്ടില്ല. ഓരോ വർഷവും സംസ്ഥാനത്തിന് കൂടുതൽ പാചക വാതക കണക്ഷനുകൾ അനുവദിക്കുന്നതിനാൽ അതിനനുസൃതമായി മണ്ണെണ്ണയുടെ ഉപയോഗം കുറയുമെന്നും ആയതിനാൽ മണ്ണെണ്ണ വിഹിതം പുനഃസ്ഥാപിക്കുവാൻ നിർവ്വാഹമില്ലെന്നുമുള്ള നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴിയുള്ള നിത്യോപയോഗ സാധനങ്ങളുടെ വിതരണം

36 [4775] ശ്രീ. വി. കെ. സി. മമ്മത്കോയ:
„ ടി. പി. രാമകൃഷ്ണൻ:
„ വി. കെ. ചന്ദ്രൻ:
„ പി. സി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു വർഷം മൊത്തം ആവശ്യമായി വരുന്ന നിത്യോപയോഗ സാധനങ്ങളുടെ എത്ര ശതമാനം വിൽപ്പന സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിൽപ്പന നടത്തുന്ന അവശ്യ സാധനങ്ങൾ ഓരോന്നിന്റേയും ഇപ്പോഴത്തെ വിലയും ഓപ്പൺ മാർക്കറ്റിലെ വിലയും താരതമ്യം ചെയ്ത് വിശദമാക്കാമോ;

(സി) ഉൽപ്പാദന കേന്ദ്രങ്ങളിൽനിന്നും നേരിട്ട് സംഭരണം നടത്തി കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന സാധനങ്ങൾ എന്തൊക്കെയാണ്;

(ഡി) ഓപ്പൺ മാർക്കറ്റിലെ വില വർദ്ധനവിനെ പിടിച്ചു നിർത്താൻ ഫലപ്രദമായി ഇടപെടാൻ കഴിയുന്ന പുതിയ സംഭരണ-വിതരണ പരിപാടികൾ എന്തെങ്കിലും കോർപ്പറേഷൻ വിഭാവനം ചെയ്യുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിട്ടപ്പെടുത്തിയിട്ടില്ല.

(ബി) ഇതു സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

ഇനം	മാവേലി സ്റ്റോറിലെ വില ജൂലൈ 2003 (കിലോഗ്രാം)	18-7-2003-ലെ ഓപ്പൺ മാർക്കറ്റിലെ ശരാശരി വില (കിലോഗ്രാം)
ചെറുപയർ	രൂപ 25.00	രൂപ 30.00
ഉഴുന്ന്	,, 24.00	,, 25.50
ഉഴുന്ന്പൊളി	,, 21.00	,, 27.50
കടല വലുത്	,, 23.00	,, 26.50
കടല ചെറുത്	,, 20.00	,, 22.00
വൻപയർ	,, 24.00	,, 25.00
തുവരപരിപ്പ്	,, 26.00	,, 29.83
പീസ്പരിപ്പ്	,, 19.00	,, 21.00
മുളക്	,, 43.00	,, 54.50
മല്ലി	,, 35.00	,, 51.50
കടുക്	,, 25.00	,, 27.50
ജീരകം	,, 95.00	,, 110.00
ഉലുവ	,, 23.00	,, 37.50

(സി) കോർപ്പറേഷൻ ഉൽപ്പാദന കേന്ദ്രങ്ങളിൽനിന്നും ഒരു സാധനവും നേരിട്ട് സംഭരണം നടത്തി വിതരണം ചെയ്യുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇപ്പോൾ നിലവിലുള്ള സംഭരണ-വിതരണ സംവിധാനം മുഖേന സിവിൽ സപ്ലൈസ് കോർപ്പറേഷന് ഓപ്പൺ മാർക്കറ്റിലെ വിലവർദ്ധനവിനെ ഫലപ്രദമായി പിടിച്ചു നിർത്താൻ സാധിക്കുന്നുണ്ട് എന്നതിനാൽ ഈ സംവിധാനത്തിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണിച്ചിട്ടില്ല.

സിവിൽ സപ്ലൈസ് ആഫീസുകളിലെ ക്രമക്കേടുകൾ

37 [4776] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് സിവിൽ സപ്ലൈസ് വകുപ്പിലെ എത്ര ഉദ്യോഗസ്ഥർക്കെതിരെ പരാതി ലഭിച്ചിട്ടുണ്ടെന്നും അവയിൽ എത്ര ക്രമക്കേടുകൾ കണ്ടെത്തി നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(ബി) എത്ര ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(സി) തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ ആഫീസുകളെ സംബന്ധിച്ച് ലഭിച്ചിട്ടുള്ള പരാതികളിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ഡി) തിരുവനന്തപുരം താലൂക്ക് സപ്ലൈ ആഫീസിനെക്കുറിച്ചോ ആഫീസറുടെ പ്രവർത്തനത്തെ സംബന്ധിച്ചോ പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ അന്വേഷണം നടത്തുകയോ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 101 ഉദ്യോഗസ്ഥർക്കെതിരെ പരാതി ലഭിച്ചിട്ടുണ്ട്. അവയിൽ ഒരു ഉദ്യോഗസ്ഥനെതിരെ ക്രമക്കേടുകൾ കണ്ടെത്തി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) 9 ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കോട്ടയം	:	3
ഇടുക്കി	:	5
കോഴിക്കോട്	:	1

(സി) തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ ആഫീസുകളെ സംബന്ധിച്ചുള്ള പരാതിയിൻമേൽ അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു.

(ഡി) തിരുവനന്തപുരം താലൂക്ക് സപ്ലൈ ആഫീസിനെക്കുറിച്ചും ആഫീസറുടെ പ്രവർത്തനത്തെ സംബന്ധിച്ചും പരാതി ലഭിച്ചിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് പരിശോധിച്ചു വരുന്നു.

സാംസ്കാരിക സംഘടനകൾക്ക് ഗ്രാന്റ് നൽകുന്നതിന്റെ മാനദണ്ഡം

38 [4777] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly